# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 372 – 29/01/2019-ലെ മറുപടിക്ക്

### നവകേരള സൃഷ്ടി

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തര കേരള പുന:സൃഷ്ടിക്കായി ധന സമാഹരണം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് 'നോ ഒബ്ജക്ഷൻ' ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക മേൽചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് |

| | | |
|---|---|---|
| | | അഭ്യർത്ഥിച്ചതിൽ ഒരു ശതമാനം പ്രളയ നികുതി ഏർപ്പെടുത്തുവാൻ ജി.എസ്.ടി കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന വായ്പയും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി | നവകേരള സൃഷ്ടിക്കായി സംസ്ഥാന ജി.എസ്.ടി.യിൽ ഒരു ശതമാനം സെസ് ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | ജി.എസ്.ടി -യ്ക്കു മേൽ സെസ് ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി.എസ്.ടി കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ഇതിൽ നിന്നും രണ്ട് കൊല്ലം കൊണ്ട് ഏകദേശം 1000 കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി | നവ കേരള സൃഷ്ടിക്കായുള്ള ധന സമാഹരണം തടയുന്നതിന് കേന്ദ്ര സർക്കാർ ഏതൊക്കെ രീതിയിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ? | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി അനുമതി നൽകണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ